എം 2/33208/2018/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യലയം
തിരുവനന്തപുരം., തീയതി: 25.05.2018.
ഫോൺ: 0471-2580595; msndpi@gmail.com.

# വിജ്ഞാപനം

സ്വാശ്രയ മേഖലയിലെ "ഡിപ്ലോമ ഇൻ എലമെന്ററി എഡ്യൂക്കേഷൻ" (**ഡി.എൽ.എഡ്.- D.El.Ed.**) കോഴ്സിന് 2018 - 2020 അദ്ധ്യയന വർഷത്തേക്ക്, താഴെപ്പറയുന്ന യോഗ്യതയുള്ളവരിൽ നിന്ന് അപേക്ഷകൾ ക്ഷണിക്കുന്നു. ജി.ഒ. (എം.എസ്.) നം: 291/2004/പൊ.വി.വ., തീയതി: 14.04.2004 പ്രകാരം സ്വാശ്രയ മേഖലയിലെ ടീച്ചർ ട്രെയിനിംഗ് കോഴ്സിലേക്ക് പ്രവേശനത്തിനായി സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തു നിലവിലുള്ള "ഡിപ്ലോമ ഇൻ എഡ്യൂക്കേഷൻ" (ഡി.എഡ്) കോഴ്സിന്റെ പേര് "ഡിപ്ലോമ ഇൻ എലമെന്ററി എഡ്യൂക്കേഷൻ" (ഡി.എൽ.എഡ്) എന്നു മാറ്റി പുനർനാമകരണം ചെയ്യുകയും എൽ.പി./യു.പി. അദ്ധ്യാപക വിദ്യാഭ്യാസ ത്തിന്റെ ഘടനയും സ്വഭാവവും പാഠ്യപദ്ധതിയിലും 2018 - 2019 അദ്ധ്യയന വർഷം മുതൽ സ.ഉ (സാധാ) നം. 1700/2018/പൊ.വി.വ., തീയതി: 05.05.2018 പ്രകാരം പരിഷ്കരിച്ചും ഉത്തരവു പുറപ്പെടുവിക്കുകയുണ്ടായി. (സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്). നാല് സെമസ്റ്ററുകളിലായി രണ്ടു വർഷമാണ് കോഴ്സിന്റെ കാലാവധി.

## തെരഞ്ഞെടുപ്പ് രീതി

ഓരോ മീഡിയത്തിനും അനുവദിക്കപ്പെട്ട 50 സീറ്റിൽ 50% ഓപ്പൺ മെരിറ്റും 50% മാനേജ്മെന്റ് ക്വാട്ടയുമായിരിക്കും.

## ഫീസ് ഘടന

| | | |
|---|---|---|
| 1. അഡ്മിഷൻ ഫീസ് | - | 100 രൂപ |
| 2. ട്യൂഷൻ ഫീസ് | - | 1,000 രൂപ (പ്രതിമാസം) |
| 3. ഡെവലപ്പ്മെന്റ് ഫീസ് | - | 3,000 രൂപ (പ്രതി വർഷം) |
| 4. അപേക്ഷാ ഫീസ് | - | 100 രൂപ |

അഡ്മിഷൻ ഫീസ് അഡ്മിഷൻ സമയത്തും ഡെവലപ്പ്മെന്റ് ഫീസ് 1,2 വർഷങ്ങളുടെ ആരംഭത്തിലും അടയ്ക്കേണ്ടതാണ്.

## യോഗ്യതകൾ :

അപേക്ഷകർ താഴെ പറയുന്ന ഏതെങ്കിലും പരീക്ഷയിൽ ചുരുങ്ങിയത് 50 ശതമാനം മാർക്ക് നേടിയിരിക്കണം.

1. കേരളത്തിലെ ഹയർ സെക്കന്ററി പരീക്ഷ ബോർഡ് നടത്തുന്ന ഹയർ സെക്കന്ററി പരീക്ഷ അല്ലെങ്കിൽ തത്തുല്യമായി കേരള സർക്കാർ അംഗീകരിച്ചിട്ടുള്ള പരീക്ഷ
2. കേരളത്തിലെ ഏതെങ്കിലും യൂണിവേഴ്സിറ്റി നടത്തുന്ന പ്രീഡിഗ്രി അല്ലെങ്കിൽ തത്തുല്ല്യമായി അംഗീകരിച്ചിട്ടുള്ള പരീക്ഷ.
3. ആകെയുള്ള സീറ്റുകളിൽ സയൻസ് വിഭാഗത്തിന് 40 ശതമാനം, ഹ്യൂമാനിറ്റീസ് വിഭാഗത്തിന് 40 ശതമാനം, കോമേഴ്സ് വിഭാഗത്തിന് 20 ശതമാനം എന്നിങ്ങനെ നിജപ്പെടുത്തിരിക്കുന്നു.

മറ്റു വ്യവസ്ഥകൾ

1. യോഗ്യത പരീക്ഷ പാസ്സാകാൻ മൂന്ന് ചാൻസിൽ കൂടുതൽ എടുത്തിട്ടുള്ളവർ ഈ കോഴ്സിന് അപേക്ഷിക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. ഇക്കാര്യത്തിൽ 'സേ' (സേവ് എ ഇയർ) പരീക്ഷ എഴുതിയിട്ടുള്ളതും ചാൻസായി പരിഗണിക്കുന്നതാണ് (സർക്കാർ കത്ത് നം. 31480/ഡി3/10/പൊ.വി. തീയതി 29.5.2010.) സ.ഉ. (സാധാ) നമ്പർ 3950/2011/പൊ.പി. തീയതി 15.09.2011 പ്രകാരം മറ്റു പിന്നോക്ക വിഭാഗങ്ങൾക്ക് യോഗ്യതാ പരീക്ഷയ്ക്ക് നിശ്ചയിച്ച മാർക്കിൽ അഞ്ച് ശതമാനം ഇളവ് അനുവദിക്കുന്നതാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് മാർക്കിന്റെയും ചാൻസിന്റെയും പരിധി ബാധകമല്ല. (15.09.2011 ലെ സ.ഉ. (സാധാ.) നമ്പർ. 3950/2011/പൊ.വി.വ.).

2. അപേക്ഷകർ **01.07.2018** ൽ 17 വയസ്സിൽ കുറവുള്ളവരോ 33 വയസ്സിൽ കൂടുതലുള്ളവരോ ആകാൻ പാടുള്ളതല്ല. ഉയർന്ന പ്രായപരിധിയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 5 വർഷവും മറ്റ് പിന്നോക്ക വിഭാഗങ്ങൾക്ക് 3 വർഷവും വിമുക്ത ഭടൻമാർക്ക് അവരുടെ സൈനിക സേവനത്തന്റെ കാലയളവും ഇളവ് നൽകുന്നതാണ്. നേരത്തെ അദ്ധ്യാപകനായി അംഗീകാരം ലഭിച്ചിട്ടുള്ള അപേക്ഷകർക്ക് അവരുടെ അദ്ധ്യാപക സേവന കാലയളവ് ഉയർന്ന പ്രായപരിധിയിൽ ഇളവ് നൽകുന്നതിന് കണക്കാക്കുന്നതാണ്.

3. ജില്ലയിലെ മെരിറ്റ് ക്വാട്ടയിലെ സീറ്റിലേക്കുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ അതാത് വിദ്യാഭ്യാസ ഉപഡയറക്ടർ നിലവിലുള്ള സംവരണ വ്യവസ്ഥകൾക്ക് വിധേയമായി നടത്തുന്നതാണ്. എന്നാൽ 50 ശതമാനം മാനേജ്മെന്റ് ക്വാട്ട അതാത് വിദ്യാഭ്യാസ സ്ഥാപനാടിസ്ഥാനത്തിൽ മാനേജർമാർക്ക് നടത്താവുന്നതാണ്.

4. വിമുക്ത ഭടൻമാർക്ക് ഓരോ റവന്യൂ ജില്ലയിലും മെരിറ്റ് ക്വാട്ടയിലുള്ള ആകെ സീറ്റിന്റെ 2% നീക്കി വച്ചിട്ടുണ്ട്. അതിലേക്ക് ബന്ധപ്പെട്ടവർ നിശ്ചിത രീതിയിൽ അപേക്ഷിക്കേണ്ടതാണ്. ഈ സീറ്റുകളിൽ വേണ്ടത്ര അപേക്ഷകളില്ലെങ്കിൽ ബാക്കിയുള്ള സീറ്റുകളിലേക്ക് സൈനിക സേവനത്തിൽ കുറഞ്ഞത് 5 വർഷത്തെ സർവീസിനു ശേഷം പിരിഞ്ഞുപോയവരുടെ ഭാര്യമാരേയും അവിവാഹിതരായ മക്കളേയും തെരഞ്ഞെടുക്കുന്നതാണ്. അതിലേക്ക് അർഹതപ്പെട്ടവർ ആവശ്യമായ സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം നിശ്ചിത രീതിയിൽ അപേക്ഷിക്കേണ്ടതാണ്.

5. തങ്ങളുടെ നിയന്ത്രണത്തിനതീതമായി 5 കൊല്ലം തികയാതെ തന്നെ സേവനത്തിൽ നിന്നും പിരിഞ്ഞു പോകേണ്ടിവരികയോ മരിക്കുകയോ ചെയ്ത ഭടൻമാരുടെ ഭാര്യമാർക്കും അവിവാഹിതരായ മക്കൾക്കും മുകളിൽ കാണിച്ച രണ്ട് വിഭാഗങ്ങളിൽ അർഹരായ അപേക്ഷകരില്ലെങ്കിൽ ഈ സീറ്റുകൾ നൽകുന്നതാണ്.

6. മുകളിൽ സൂചിപ്പിച്ച (5,6 ഖണ്ഡികകൾ) ജവാൻമാരോ പട്ടാളത്തിൽ നിന്നും പിരിഞ്ഞ് പോയവരോ അപേക്ഷകനുമായുള്ള ബന്ധം തെളിയിക്കുന്നതിന് തഹസീൽദാരിൽ നിന്നുള്ള സർട്ടിഫിക്കറ്റിന്റേയോ ജില്ലാ സൈനിക ക്ഷേമ ബോർഡ് ഓഫീസറുടെ സർട്ടിഫിക്കറ്റിന്റേയോ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൂടി ഹാജരാക്കേണ്ടതാണ്.

7. മേൽ പ്രസ്താവിച്ച സീറ്റുകളിലേക്ക് വേണ്ടത്ര അർഹതയുള്ള അപേക്ഷകരില്ലെങ്കിൽ ബാക്കി വരുന്ന സീറ്റുകളിൽ അർഹതയുള്ള മറ്റു വിഭാഗത്തിന്റെ അപേക്ഷകൾ പരിഗണിക്കുന്നതാണ്.

8. അംഗവൈകല്യമുള്ളവർക്ക് (ബുദ്ധിവൈകല്യമുള്ളവർ, ബധിരർ എന്നിവരൊഴികെ) ഉൾപ്പെടെ മൂന്ന് ശതമാനം സീറ്റ് നീക്കിവച്ചിട്ടുണ്ട്. അതിലേക്ക് അർഹതയുള്ളവർ ആവശ്യമായ സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ കൂടി അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. (ജി.ഒ(എം.എസ്) 38/81/ജി.എഡ്യൂ. തീയതി 27.2.1981). സർക്കാർ നിർദ്ദേശിച്ച വൈകല്യത്തിന്റെ തീവ്രത (ശതമാനം) ഉറപ്പാക്കണം.

9. സ്പോർട്ട്സ് ക്വാട്ടയിൽ ഓരോ ജില്ലയിലും 25 ൽ കൂടുതൽ മെരിറ്റ് ക്വാട്ട സീറ്റുകൾ ലഭ്യമാണെങ്കിൽ ഓരോ 50 സീറ്റിനും ഓരോ സീറ്റു വീതം സ്പോർട്സ് താരങ്ങൾക്കായി നീക്കിവയ്ക്കേണ്ടതാണ്. അവരുടെ അപേക്ഷകൾ സ്പോർട്ട്സ് കൗൺസിൽ സ്വീകരിച്ച് **13.06.2018** ന് അകം ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർക്ക് പരിഗണനയ്ക്കായി അയച്ചു കൊടുക്കേണ്ടതാണ്. പ്രസ്തുത സീറ്റുകളിലേക്കുള്ള തെരഞ്ഞെടുപ്പ് കെ.ഇ.ആർ അദ്ധ്യായം XXV റൂൾ 7 അനുസരിച്ചായിരിക്കും.

10. സ്പോർട്സ് ക്വാട്ടാ പ്രാവേശനത്തിന് സ്പോർട്ട്സ് കൗൺസിലിന് അപേക്ഷ നൽകുന്നവരും മുകളിൽ പ്രത്യേകമായി പറഞ്ഞിട്ടുള്ളവരും ഒഴികെയുള്ള എല്ലാ വിഭാഗത്തിലുംപ്പെട്ട അപേക്ഷകരെ സർട്ടിഫിക്കറ്റുകളുടെ കോപ്പി അപേക്ഷയൊടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. പ്രസ്തുത അപേക്ഷകർ സർട്ടിഫിക്കറ്റുകളുടെ ഒറിജിനൽ ഇന്റർവ്യൂ സമയത്തും അതാത് സെന്ററിലും ഹാജരാക്കേണ്ടതാണ്.

11. സർക്കാർ ഉത്തരവ് നമ്പർ (സാധാരണ) 773/93/ഉ.പി തീയതി 10.5.1993 പ്രകാരം മെരിറ്റ് ക്വാട്ടയിൽ എൻ.സി.സി കേഡറ്റുകൾക്ക് 10 മാർക്ക് വെയിറ്റേജ് നൽകുന്നതാണ്. എൻ.സി.സി ഡയറക്ടറേറ്റിൽ നിന്നും ഇത് സംബന്ധിച്ച് നൽകുന്ന വെയിറ്റേജ് സർട്ടിഫിക്കറ്റ് ഉള്ളവർക്ക് മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ.

12. മെരിറ്റ് ക്വാട്ടയിലുള്ള അപേക്ഷകൾ നിശ്ചിത ഫോറത്തിൽ ബന്ധപ്പെട്ട റവന്യൂ ജില്ലയിലെ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്ക് **08.06.2018** ന് മുൻപ് കിട്ടത്തക്ക രീതിയിൽ നേരിട്ട് സമർപ്പിക്കുകയോ രജിസ്റ്റർ ചെയ്ത് അയയ്ക്കുകയോ വേണം. വിദ്യാഭ്യാസ ഉപഡയറക്ടർമാരുടെ മേൽവിലാസം അനുബന്ധം - IV ആയി ചേർത്തിട്ടുണ്ട്.

13. ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സിന്റെ രാജ്യപുരസ്കാർ അല്ലെങ്കിൽ രാഷ്ട്രപതി പുരസ്കാർ നേടിയിട്ടുള്ളവർക്ക് മെരിറ്റ് ക്വാട്ടയിൽ ഡി.എൽ.എഡ് പ്രവേശനത്തിന് മുൻഗണന നൽകുന്നതാണ് (27.5.1975 ലെ ജി.ഒ(എം.എസ്) 122/75/ പൊ.വി.).

14. എൻ.എസ്.എസ്. - ന്റെ നാഷണൽ ക്യാമ്പിലോ റിപബ്ലിക് ദിനാ ക്യാമ്പിലോ പങ്കെടുത്തിട്ടുള്ള എൻ.എസ്.എസ്. വോളണ്ടിയർമാർക്ക് 11.10.2011 - ലെ സ.ഉ. (എം.എസ്) നമ്പർ 206/2011/പൊ.വി. ഉത്തരവിലെ വ്യവസ്ഥ പ്രകാരം ഡി.എൽ.എഡ്. കോഴ്സ് പ്രവേശനത്തിന് മുൻഗണന നൽകുന്നതാണ്.

15. ജി.ഒ (ആർ.റ്റി) നമ്പർ 2712/02/പൊതു വിദ്യാഭ്യാസം തീയതി 16.8.2002 പ്രകാരം തമിഴ് ടി.ടി.ഐ കളിൽ ആകെയുള്ള സീറ്റുകളിൽ 10% (പത്ത് ശതമാനം) തമിഴ്നാട്ടിൽ നിന്നുള്ള ഹയർ സെക്കന്ററി പരീക്ഷ പാസ്സായ കുട്ടികൾക്കായി സംവരണം ചെയ്തിരിക്കുന്നു. കൂടാതെ 13.11.2003 ലെ ജി.ഒ(ആർ.റ്റി) നമ്പർ 4627/2003/പൊതു വിദ്യാഭ്യാസം പ്രകാരം കേരളത്തിലെ അർഹരായ മുഴുവൻ കുട്ടികൾക്കും തമിഴ് ടി.ടി.ഐ കളിൽ അഡ്മിഷൻ നൽകിയതിനുശേഷം ബാക്കി വരുന്ന സീറ്റുകളിലേക്ക് കൂടി തമിഴ്നാട്ടിൽ നിന്ന് +2 പാസ്സായ കുട്ടികൾക്ക് അഡ്മിഷൻ നൽകുന്നതാണ്.

16. സ്വാശ്രയ ടി.ടി.ഐ കളിലെ മെരിറ്റ്/മാനജ്മെന്റ് സീറ്റുകളിൽ കേരളത്തിലെ അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും അഡ്മിഷൻ നൽകിയശേഷം ബാക്കി വരുന്ന സീറ്റുകളിൽ മറ്റു സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് അവരുടെ സംസ്ഥാനത്തെ താമസസ്ഥലത്തുള്ള നേറ്റിവിറ്റി സർട്ടിഫിക്കറ്റു പ്രകാരം അഡ്മിഷൻ നൽകുന്നതാണ് (സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1041/06 പൊ.വി, തീയതി: 08.03.2006).

17. അപേക്ഷയിൽ കോളങ്ങൾ ഒന്നും പൂരിപ്പിക്കാതെ ഒഴിവാക്കിയിടാൻ പാടില്ല. ബാധകമല്ലെങ്കിൽ ബാധകമല്ല എന്നെഴുതേണ്ടതാണ്. വിദ്യാഭ്യാസ ഉപഡയറക്ടർമാർ അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി: **08.06.2018** ആണ്.

18. ഓരോ സ്വാശ്രയ സ്ഥാപനങ്ങളിലും ആകെയുള്ള സീറ്റുകളിൽ 50 ശതമാനം മാനേജ്മെന്റ് ക്വാട്ടയിൽ യോഗ്യതയുടെ അടിസ്ഥാനത്തിൽ അതാത് മാനേജർമാർ പ്രവേശനം നൽകേണ്ടതാണ്. പ്രവേശനത്തിനുള്ള അർഹത നിശ്ചയിക്കുന്നത് താഴെ വിവരിച്ചിട്ടുള്ള മാനദണ്ഡം അനുസരിച്ചായിരിക്കും.

(എ) യോഗ്യതാ പരീക്ഷയ്ക്ക് ലഭിച്ച മാർക്ക് - 65 %
(ബി) ഇന്റർവ്യൂവിൽ ലഭിച്ച മാർക്ക് - 35 %

19. (എ) ഓരോ ജില്ലയിലേയും അപേക്ഷകരിൽ നിന്നും മെരിറ്റടിസ്ഥാനത്തിൽ സംവരണതത്വങ്ങൾക്ക് വിധേയമായി നിലവിലുള്ള സീറ്റിന്റെ എണ്ണത്തേക്കാൾ മൂന്നിരട്ടി പേരുടെ ലിസ്റ്റ് തയ്യാറാക്കി ഇന്റർവ്യൂ നടത്തി മെരിറ്റ് ക്വാട്ടയിലെ മുഴുവൻ സീറ്റുകളും നികത്തേണ്ടതാണ്.

(ബി) മെരിറ്റിന്റെ അടിസ്ഥാനത്തിൽ സംവരണതത്വങ്ങൾക്ക് വിധേയമായി വെയിറ്റിംഗ് ലിസ്റ്റ് ഉണ്ടാക്കുകയും ഓരോ കമ്മ്യൂണിറ്റിയിലും ഉൾപ്പെട്ടവരുടെ വെയിറ്റിംഗ് ലിസ്റ്റ് പ്രത്യേകം തയ്യാറാക്കേണ്ടതുമാണ്. ഓരോ കാറ്റഗറിയിലും മൂന്നിരട്ടി പേരുടെ ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. ലിസ്റ്റ് തയ്യാറാക്കുന്നതിന് നിലവിലുള്ള നടപടിക്രമം സ്വീകരിക്കേണ്ടതാണ്. കൂടിക്കാഴ്ചയ്ക്ക് ഹാജരാകാതെ വരുന്ന അപേക്ഷകർക്ക് പകരമായി ലിസ്റ്റിലെ അടുത്തയാളെ പരിഗണിക്കേണ്ടതും എല്ലാ സീറ്റുകളും അന്നേ ദിവസം തന്നെ നികത്തേണ്ടതുമാണ്. (ഗവൺമെന്റ് ഉത്തരവ് നമ്പർ 2594/2000/പൊ.വി.(ഡി)വകുപ്പ് തിരുവനന്തപുരം, തീയതി 27.6.2000).

## അപേക്ഷിക്കേണ്ട വിധം

1. അപേക്ഷ നിശ്ചിത ഫാറത്തിൽ തന്നെ സമർപ്പിക്കണം. മാതൃകാ ഫോറം എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാരുടെയും ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെയും ഓഫീസുകളിലും **www.education.kerala.gov.in** എന്ന വെബ് സൈറ്റിലും ലഭിക്കുന്നതാണ്. മെരിറ്റ് ക്വാട്ടയിലുള്ള അപേക്ഷയോടൊപ്പം 100(നൂറ്) രൂപയ്ക്കുള്ള ക്രോസ് ചെയ്ത ഡിമാന്റ് ഡ്രാഫ്റ്റ് ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടറുടെ പേരിൽ വാങ്ങി ഉള്ളടക്കം ചെയ്യേണ്ടതാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ടവർ അപേക്ഷാഫീസ് അടയ്ക്കേണ്ടതില്ല. മെരിറ്റ് ക്വാട്ടയിലുള്ള അപേക്ഷകർ അതാത് റവന്യൂ ജില്ലയിലെ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ പേരിൽ അയയ്ക്കേണ്ടതാണ്. മാനേജ്മെന്റ് ക്വാട്ടയിൽ തെരഞ്ഞെടുക്കപ്പെടുന്നതിന് അതാത് സ്ഥാപനത്തിന്റെ മാനേജർമാരുടെ പേരിലെടുത്ത 100 രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം അതാത് മാനേജർമാർക്കു തന്നെ അപേക്ഷ നൽകേണ്ടതാണ്.
2. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെട്ട വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ ആഫീസുമായി ബന്ധപ്പെടേണ്ടതാണ്. (അനുബന്ധം-IV)
3. ട്രെയിനിംഗ് സ്കൂളുകളുടെ ലിസ്റ്റും മാതൃകാ അപേക്ഷാ ഫോറവും അനുബന്ധമായി ചേർത്തിട്ടുണ്ട്.

## എൻ.ബി

1. തമിഴ് ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സിലേക്കുള്ള അപേക്ഷകർ പാലക്കാട്, ഇടുക്കി, തിരുവനന്തപുരം എന്നീ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും ഇംഗ്ലീഷ് മീഡിയത്തിലേക്കുള്ള അപേക്ഷകൾ തിരുവനന്തപുരം/ കൊല്ലം/ മലപ്പുറം/ കോഴിക്കോട്/ കണ്ണൂർ എന്നീ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും അയയ്ക്കേണ്ടതാണ്.

2. ഈ നോട്ടിഫിക്കേഷനിൽ പറഞ്ഞിരിക്കുന്ന മാതൃകയിലുള്ള അപേക്ഷഫാറം മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളു.

3. 2018-2020 വർഷത്തെ പ്രവേശന നടപടികൾ **19.06.2018** ന് അകം പൂർത്തിയാക്കുന്നതിനും പ്രസ്തുത തീയതിയ്ക്കകം മെരിറ്റ് ലിസ്റ്റും വെയിറ്റിംഗ് ലിസ്റ്റും തയ്യാറാക്കി ഇന്റർവ്യൂ നടത്തി **20.06.2018** ന് അദ്ധ്യയനം ആരംഭിക്കുന്നതിനും ആവശ്യമായ സമയ ബന്ധിതമായ നടപടികൾ വിദ്യാഭ്യാസ ഉപഡയറക്ടർമാർ സ്വീകരിക്കേണ്ടതാണ്.

4. മെരിറ്റ് സീറ്റിലേയ്ക്കുള്ള അപേക്ഷകരിൽ നിന്നും ലഭിക്കുന്ന അപേക്ഷാ ഫീസിന്റെ 40 ശതമാനം തുക ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഡി.എൽ.എഡ് പ്രവേശനം സംബന്ധിച്ച പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാവുന്നതാണ്. ബാക്കി വരുന്ന 60% തുക ഒറ്റ ഡിമാന്റ് ഡ്രാഫ്റ്റായി എസ്.സി.ഇ.ആർ.ടി ഡയറക്ടർക്ക് നല്കേണ്ടതാണ്(എസ്.സി.ഇ.ആർ.ടി ഡയറക്ടറുടെ 31.7.2010 ലെ പ്രോഗ്രാം IV/1467/2010 നമ്പർ കത്ത്).

5. 5.2.2010 ലെ സർക്കാർ കത്ത് നമ്പർ 22694/ഡി3/09/പൊ.വി പ്രകാരം താഴെ പറയുന്ന നിർദ്ദേശങ്ങൾ കൂടി പുറപ്പെടുവിക്കുന്നു.

   (1) ഡി.എൽ.എഡ് പ്രവേശനത്തിന് നിശ്ചയിച്ചിട്ടുള്ള പ്രായവും യോഗ്യതയും സംബന്ധിച്ച് നിബന്ധനകളിൽ യാതൊരു ഇളവും അനുവദിക്കുന്നതല്ല. മാനേജ്മെന്റ് ക്വാട്ടായിലടക്കം പ്രവേശനത്തിന് ഇത് ബാധകമാണ്. നിബന്ധന കൾ പാലിക്കാതെ ഏതെങ്കിലും വിദ്യാർത്ഥിയ്ക്ക് പ്രവേശനം നൽകിയാൽ അതിന്റെ പൂർണ്ണ ഉത്തരവാദിത്വം ടി.ടി.ഐ പ്രിൻസിപ്പാളിനായിരിക്കും

   (2) മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി വിദ്യാർത്ഥികൾക്ക് പ്രവേശനം നടത്തിയതായി കണ്ടെത്തുന്ന പ്രിൻസിപ്പൽമാരെ എസ്.സി.ഇ.ആർ.ടി.യുടെ അംഗീകൃത പാനലിൽ നിന്നും ഒഴിവാക്കുന്നതും അച്ചടക്ക നടപടി സ്വീകരിക്കുന്നതുമാണ്.

   (3) ഡി.എൽ.എഡ് പ്രവേശനം കഴിഞ്ഞ് ഒരു മാസത്തിനുള്ളിൽ ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടമാർ പരിശോധന നടത്തി യോഗ്യതയില്ലാത്ത വിദ്യാർത്ഥികളുടെ പ്രവേശനാനുമതി റദ്ദാക്കേണ്ടതാണ്. പ്രവേശനാനുമതി റദ്ദാക്കപ്പെട്ട വിദ്യാർത്ഥികളെ ഒരു കാരണവശാലും പഠനം തുടരാൻ അനുവദിക്കരുത്.

   (4) പ്രവേശനാനുമതി റദ്ദാക്കപ്പെട്ടുന്ന വിദ്യാർത്ഥികളെ പഠനം തുടരാൻ അനുവദിക്കുന്ന പക്ഷം ബന്ധപ്പെട്ട ടി.ടി.ഐ യുടെ അംഗീകാരം പിൻവലിക്കാനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

**കെ.വി.മോഹൻകുമാർ. ഐ.എ.എസ്.**
**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

**സ്വീകർത്താവ്** :
1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, പൂജപ്പുര, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
3. പൊതുവിദ്യാഭ്യാസ ഡയറക്ടർ/ പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)/ പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ(അക്കാദമിക്)/പൊതുവിദ്യാഭ്യാസ ജോയിന്റ് ഡയറക്ടർ (അക്കാദമിക്)/വിദ്യാഭ്യാസ ഉപഡയറക്ടർ (എംപ്ലോയ്മെന്റ്)-(സി.എ. മുഖേന).
4. കരുതൽ ഫയൽ.

അനുബന്ധം - 1

## 2018 - 2020 വർഷത്തെ ഡിപ്ലോമാ ഇൻ എലമെന്ററി എഡ്യുക്കേഷൻ (ഡി.എൽ.എഡ്.- D.El.Ed.) കോഴ്സിനുള്ള അപേക്ഷ -സ്വാശ്രയം (മെരിറ്റ് ക്വാട്ട)

1. പ്രവേശനം നേടുവാൻ ആഗ്രഹിക്കുന്ന ജില്ല :

2. അപേക്ഷകന്റെ പൂർണ്ണമായപേരും മേൽവിലാസവും :
(മലയാളത്തിലും ഇംഗ്ലീഷിലും)

3. ജനനതീയതി :

4 01.07.2018 ൽ പൂർത്തിയാകുന്ന വയസ്സ് :

5. സെക്സ്: ആൺ/ പെൺ :

6 ജാതി /മതം :

7. അപേക്ഷകൻ പട്ടികജാതി /പട്ടികവർഗ്ഗം/ഒ.ബി.സി/ വിഭാഗത്തിൽ ഉൾപ്പെട്ടതാണോ (സ്വയം സാക്ഷ്യപ്പെടുത്തിയ ജാതി സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണ്) :

8. അപേക്ഷകൻ വിമുക്തഭടൻ ആണോ (ആണെങ്കിൽ വിടുതൽ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്) :

9. അപേക്ഷകൻ സർവ്വീസിൽ ഇരിക്കുന്ന ജവാന്റെ ഭാര്യ/മകൾ / മകൻ ആണോ :
(ആണെങ്കിൽ മിലിട്ടറി സർവ്വീസ് /ബന്ധം എന്നിവ രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റ് സ്വയം സാക്ഷ്യപ്പെടുത്തി സമർപ്പിക്കേണ്ടതാണ്) :

10. അപേക്ഷകൻ വിമുക്തഭടന്റെ ഭാര്യ/മകൾ/മകൻ ആണോ (ആണെങ്കിൽ മിലിറ്ററി സർവ്വീസ് /ബന്ധം എന്നിവ രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റ് സ്വയം സാക്ഷ്യപ്പെടുത്തി സമർപ്പിക്കേണ്ടതാണ്) :

11. അപേക്ഷകന്റെ മാതൃഭാഷ :

12. വിദ്യാഭ്യാസ യോഗ്യത
(ഹയർ സെക്കന്ററി/തത്തുല്യം) :
   1. യോഗ്യത പരീക്ഷയുടെ പേര്
   2. രജിസ്റ്റർ നമ്പരും വിജയിച്ച വർഷവും :
   3. യോഗ്യതാ പരീക്ഷ വിജയിക്കാൻ എടുത്ത ചാൻസുകളുടെ എണ്ണം (സേ പരീക്ഷ ഉൾപ്പെടെ) :

13. മറ്റ് വിദ്യാഭ്യാസ യോഗ്യത ഉണ്ടെങ്കിൽ ആയതിന്റെ വിവരം :

14. യോഗ്യതാ പരീക്ഷയ്ക്ക് (പ്ലസ് ടു/തത്തുല്യം) നേടിയ മാർക്ക്/ഗ്രേഡ് :

| വിഷയങ്ങൾ | മാർക്ക് / ഗ്രേഡ് |
|---|---|
| | |
| ആകെ | |

15 മാർക്കിന്റെ ശതമാനം/ഗ്രേഡ് :

16 പരീക്ഷാബോർഡ്/യൂണിവേഴ്സിറ്റി യുടെ പേര് :

17 അപേക്ഷകൻ ഭിന്നശേഷിക്കാരനാണോ (മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റിന്റെ പകർപ്പ് സ്വയം സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്.) :

18. അപേക്ഷകൻ എൻ.സി.സി കേഡറ്റ് ആണോ :

19 അപേക്ഷകൻ കലാ/കായിക മത്സരങ്ങളിൽ പ്രാഗല്ഭ്യം തെളിയിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം (സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടുത്തേണ്ടതാണ്.

(എ) ദേശീയതലം
(ബി) സംസ്ഥാനതലം
(സി) ജില്ലാ തലം
(ഡി) ഉപജില്ലാതലം

20. അപേക്ഷകൻ ഭാരത് സ്കൗട്ട്സ് & ഗൈഡ്സിന്റെ രാജ്യപുരസ്കാർ/രാഷ്ട്രപതി പുരസ്കാർ എന്നിവ നേടിയിട്ടുണ്ടോ

21. അപേക്ഷകൻ സ്പോർട്ട്സ് ക്വാട്ടാ/സ്പോർട്ട്സ് കൗൺസിലിൽ ഉൾപ്പെട്ടതാണോ

22 അപേക്ഷകൻ എൻ.എസ്.എസ്/എൻ.സി.സി വോളണ്ടിയർ ആണെങ്കിൽ ആ വിവരം രേഖപ്പെടുത്തേണ്ടതാണ്.

23. അപേക്ഷാ ഫീസ് സംബന്ധിച്ച വിവരങ്ങൾ

(ഡിമാന്റ് ഡ്രാഫ്റ്റ് നം., തീയതി. ബാങ്കിന്റെ പേര് എന്നിവ രേഖപ്പെടുത്തേണ്ടതാണ്.)

24. പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന സ്ഥാപനത്തിന്റെ പേര് (സ്ഥാപനത്തിന്റെ പേര് അനുബന്ധമായി ചേർത്തിട്ടുണ്ട്).

1
2
3
4
5

## സത്യവാങ്മൂലം

1. മുകളിൽ സുചിപ്പിച്ചിരിക്കുന്ന വിവരങ്ങൾ പൂർണ്ണമായും സത്യസന്ധമാണെന്നും ആയത് തെളിയിക്കുന്നതിനാവശ്യമായ രേഖകൾ സമർപ്പിച്ചിട്ടുണ്ട് എന്നും ഞാൻ സാക്ഷ്യപ്പെടുത്തുന്നു.
2. യോഗ്യതാ പരീക്ഷാ വിജയിക്കുന്നതിന് (സേ പരീക്ഷ ഉൾപ്പെടെ) മൂന്ന് ചാൻസിൽ കൂടുതൽ എടുത്തിട്ടില്ല എന്നും ഞാൻ സാക്ഷ്യപ്പെടുത്തുന്നു.
3. പ്രസ്തുത കോഴ്സ് പഠിക്കുന്നതിനുവേണ്ടി ഈ അദ്ധ്യയന വർഷം മറ്റ് ഒരു ജില്ലയിലും അപേക്ഷ നൽകിയിട്ടില്ല എന്നും ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം :

**അപേക്ഷകന്റെ ഒപ്പ്**

തീയതി :

അനുബന്ധം - 11

## 2018 - 2020 വർഷത്തെ ഡിപ്ലോമാ ഇൻ എലമെന്ററി എഡ്യുക്കേഷൻ (ഡി.എൽ.എഡ്.- D.El.Ed) കോഴ്സിനുള്ള അപേക്ഷ (മാനേജ്മെന്റ് ക്വാട്ട)(ഡ്യൂപ്ലിക്കേറ്റ്)

1. പ്രവേശനം നേടുവാൻ ആഗ്രഹിക്കുന്ന ജില്ല :

2. അപേക്ഷകന്റെ പൂർണ്ണമായപേരും മേൽവിലാസവും (മലയാളത്തിലും ഇംഗ്ലീഷിലും) ഇ-മെയിൽ നമ്പരും മൊബൈൽ നമ്പരും ഉൾപ്പെടെ :

3. ജനനതീയതി :

4 01.07.2018 ൽ പൂർത്തിയാകുന്ന വയസ്സ് :

5. സെക്സ്: ആൺ/ പെൺ :

6 ജാതി /മതം :

7. അപേക്ഷകൻ പട്ടികജാതി /പട്ടികവർഗ്ഗം/ഒ.ബി.സി/ വിഭാഗത്തിൽ ഉൾപ്പെട്ടതാണോ (സ്വയം സാക്ഷ്യപ്പെടുത്തിയ ജാതി സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണ്) :

8. അപേക്ഷകന്റെ മാതൃഭാഷ :

9. വിദ്യാഭ്യാസ യോഗ്യത (ഹയർ സെക്കന്ററി/തത്തുല്യം) :
   1. യോഗ്യത പരീക്ഷയുടെ പേര്
   2. രജിസ്റ്റർ നമ്പരും വിജയിച്ച വർഷവും :
   3. യോഗ്യതാ പരീക്ഷ വിജയിക്കാൻ എടുത്ത ചാൻസുകളുടെ എണ്ണം (സേ പരീക്ഷ ഉൾപ്പെടെ) :

10. മറ്റ് വിദ്യാഭ്യാസ യോഗ്യത ഉണ്ടെങ്കിൽ ആയതിന്റെ വിവരം :

11. യോഗ്യതാ പരീക്ഷയ്ക്ക് (പ്ലസ് ടു/തത്തുല്യം) നേടിയ മാർക്ക്/ഗ്രേഡ് :

| വിഷയങ്ങൾ | മാർക്ക് / ഗ്രേഡ് |
|---|---|
| ആകെ | |

12 മാർക്കിന്റെ ശതമാനം/ഗ്രേഡ് :

13 പരീക്ഷാബോർഡ്/യൂണിവേഴ്സിറ്റി യുടെ പേര് :

അപേക്ഷാ ഫീസിനെ സംബന്ധിച്ച വിവരങ്ങൾ
(ഡിമാന്റ് ഡ്രാഫ്റ്റ് നം., തീയതി. ബാങ്കിന്റെ പേര്
എന്നിവ രേഖപ്പെടുത്തേണ്ടതാണ്.)

<u>സത്യവാങ്മൂലം</u>

4. മുകളിൽ സൂചിപ്പിച്ചിരിക്കുന്ന വിവരങ്ങൾ പൂർണ്ണമായും സത്യസന്ധമാണെന്നും ആയത് തെളിയിക്കുന്നതിനാവശ്യമായ രേഖകൾ സമർപ്പിച്ചിട്ടുണ്ട് എന്നും ഞാൻ സാക്ഷ്യപ്പെടുത്തുന്നു.
5. യോഗ്യതാ പരീക്ഷാ വിജയിക്കുന്നതിന് (സേ പരീക്ഷ ഉൾപ്പെടെ) മൂന്ന് ചാൻസിൽ കൂടുതൽ എടുത്തിട്ടില്ല എന്നും ഞാൻ സാക്ഷ്യപ്പെടുത്തുന്നു.
6. പ്രസ്തുത കോഴ്സ് പഠിക്കുന്നതിനുവേണ്ടി ഈ അദ്ധ്യയന വർഷം മറ്റ് ഒരു ജില്ലയിലും അപേക്ഷ നൽകിയിട്ടില്ല എന്നും ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം : **അപേക്ഷകന്റെ ഒപ്പ്**

തീയതി :

## Annexure – III

## LIST OF SELF FINANCING TEACHER TRAINING INSTITUTE

### THIRUVANANTHAPURAM

1. Kunju Krishnan Nadar Memorial I.T.E, Kanjiramkulam P.O, Neyyattinkara, Thiruvananthapuram (Malayalam, Tamil & English).
2. Viswadarsini TTI, Uriyacode P.O, Thiruvananthapuram.
3. Thunchan Smaraka TTI, Airanimuttom, Manacaud.P.O, Thiruvananthapuram (Malayalam Medium 2 Batches).
4. Pattom Thanupillai Memorial TTI, Maruthoorkonam, Kottukal P.O, Balarampuram, Thiruvananthapuram ( Malayalam & English).
5. Cresent Teacher Training Insitute, Pamangode P.O, Peringammala, Thiruvananthapuram.
6. Quaide - A - Millath TTI, Kochukarikkakam, Daivappura P.O, Thiruvananthapuram.
7. M.V. Teacher Training Institute, Chowara P.O, Chapath, Thiruvanathapuram.
8. Rose Dale Teachers Training Institute, Rose Dale Public School Complex, Kallambalam, Thiruvananthapuram.
9. Indian TTI, Kilimannnor, Peroor.P.O, Thiruvananthapuram.
10. Karunya TTI, Keezhkolla, AmaravilaP.O, Neyyattinkara Thiruvananthapuram (Malayalam 2 batch).
11. Victory TTI, Neyyattinkara, Olathani, Thiruvananthapuram.
12. EzhuthachanTTI, Marayamuttom P.O, Neyyattinkara, Thiruvananthapuram (Malayalam 2 batch).
13. CSI TTI, Chembur, Thiruvananthapuram.
14. CSI TTI, Amaravila, Thiruvananthapuram.
15. Pushpa Geetha School of Teachers Education, TTI, Kattoor P.O Kattakada, Thiruvananthapuram.
16. IFER T.T.I Pariyaram, Vencode, Thiruvananthapuram.
17. BNV TTI, Thriuvallam, Thiruvananthapuram.

## KOLLAM

18. Fathima Memorial T.T.I, Manacaud, Vadakkevila.P.O, Kollam.
19. AS Teacher Training Institute, Chandanathope, Near Karikode Sarathy Junction, Melkone, Chandanathope P.O, Chathinamkulam, Kollam.
20. Milade Sherif Memorial T.T.I, Chandanathope P.O, Chathinamkulam, Kollam.
21. Seethi Sahib Memorial T.T.I, Arkanoor P.O, Ayur, Kollam.
22. Kasthorba Gandhi T.T.I, Mathilil, Kadavur, Perinad P.O, Kollam.
23. Culamudiyil Neelakandan Nair Memorial TTI, Pavithreswaram P.O, Vil Puthor, Kottarakara, Kollam.
24. Manjappara Teachers Training Insitute, Manjappra Educational and Charitable Trust, Manjappara P.O, Ayur, Via Kollam.
25. Badhiriya Teachers Training Insitute, Nedumpana, Kundumon, Velichikal P.O, Kollam.
26. C.H. Memorial Teachers Training Institute, ISEDNL Complex & C.H. Society, S.V. Market P.O, Karunagappally, Kollam.
27. Erathur Teachers Training Institute, Chenlloor, Nettayam P.O, Pooyappally, Kollam.
28. R.B.M. Teacher Training Institute, Punalur, Pathanapuram, Kollam.
29. Sri. Vidyahiraja Model Teacher Training Institute, Vendar P.O, Kottarakkara, Kollam (Malayalam two batch).
30. APRM Teachers Training Institute, Chithara P.O, Kadakkal, Kollam.
31. NGPM Teachers Training Institute, Venchempu, Punalur, Kollam.
32. PKJM Teachers Training Institute, Mulavana, Kollam.
33. Devivilasam Teachers Training Institute, Thalavoor, Kollam.

34. Ramavilasom TTI, Valakom P.O, Kottarakkara, Kollam.

35. S.V.TTI. Kalayapuram (Via), Kottarakkara, Kollam.

36. National TTI, Kuttikonam, Kunnikode P.O, Kollam.

37. St. Tresas, TTI, Mulavana, Kollam.

38. Haneefa Kunju Memorial, TTI, Umayanalloor, Kollam.

## ALAPPUZHA

39. St.Francis Assisi TTI, Arthunkal P.O,Cherthala,Alappuzha.

40. Sree Narayana Guru Memorial TTI., Thuravoor, Thirumalabhagam P.O., Alappuzha (Malayalam medium 2 batches).

41. Budha School of Elementary TTI, Muthukulam, Alappuzha.

42. SNDSY TTI, Sreekanteswaram, Poochakkal P.O, Alappuzha.

## KOTTAYAM

43. Sree Mahadeva TTI, Aiyerkulangara, Thekkenada P.O, Vaikom, Pin - 686 142.

44. St. John the Baptists College of Education, Nedumkunnam P.O, Kottayam.

45. Al - Rashid TTI, Perunnai P.O, Changanacherry, Kottayam.

46. Mangalam Teacher Training Institute, Vettimughal P.O, Ettumannoor, Kottayam.

47. St. Joseph's TTI, Mannanam, Kottayam.

48. St. Thomas College of Teachers Education TTI Pala, Kottayam.

## IDUKKI

49. Al- Azhar TTI, K.K.R. Junction, Thodupuzha, ( Malayalam & Tamil).

## ERNAKULAM

50. HM Training Schools, Randarkara, Muvattupuzha, Ernakulam.

51. Sophiya Training School, Kothamangalam, Ernakulam.

52. National TTI, Vengola, Kothamangalam, Ernakulam.

53. St. Joseph's Training College for Women, Kovilvattom Road, Ernakulam.

54. MES TTI, North Edathala, Ernakulam.

55. SDPYS TTI, Palluruthy, Ernakulam.

56. Sree Narayana TTI Okkal, Ernakulam.

57. Auxilium TTI, Kidangoor, Ernakulam.

**THRISSUR**

58. Vikram Sara Bai Teacher Training Institute, Vikram Sara Bai Educational Trust, Kodungallur, Kaipamangalam, Thrissur.

59. Mar Osthatheos TTI, Perumbilavu, Thrissur.

60. Dr. Ambedkar Memorial TTI, TJAM Corporation Building, Karuppam Road Junction, Round south, Thrissur.

61. Ave Mariya Training College, Kodakkara, Thrissur.

62. St. Joseph's TTI, Kuriachira, Thrissur.

63. Sree Vivekanda, TTI, Thrissur.

64. SNS Samajam TTI, Edamattam

65. St. Joseph TTI, Pavaritti, Thrissur.

**PALAKKAD**

66. Karuna Teacher Training Institute, Prabhapuram, Mannengode P.O, Pattambi, Palakkad.

67. Sneha College of TTI, Muthalamada, Govindapuram P.O, Palakkad (Malayalam & Tamil).

68. Ideal Educational Institute of Teacher Training, Ideal Edcuation &Charitable Trust, Cherpulassery P.O, Palakkad ( Malayalam Medium 2 batches).

69. Sree Narayana Teacher Training Institute, Kottappuram P.O, Sreekrishnapuram, Palakkad.

70. Mannampatta Teacher Training Institute, Mannampatta (Via), Sreekrishnapuram, Palakkad.

71. Teacher Training Institute, Nenmara P.O, Palakkad ( Malayalam & Tamil).

72. Gurds TTI, Kallamcode, Nenmeni P.O, Palakkad.

73. K.B.R.T.T.I, Vadakkancherry, Palakkad.

74. Daya Teacher Training Institute, P.O. Athicode, Kozhinjampara, Palakkad (Tamil 2 Batches).

## MALAPPURAM

75. M.C.T. Teacher Training Institute, Melmuri P.O, Malappuram 676514 (Malayalam 2 batches).

76. Melmuri Muslim Educational Institute of Teacher Training, Melmuri P.O, Malappuram 676 514 ( Malayalam 2 batches).

77. Sree Vivekananda Padana Kendram TTI, Palemad, Malappuram 679 333 (Malayalam 2 Batches).

78. Fazfari Teachers Training Institute, MAFM Orphanage and Arabic College, Padinhattummuri P.O, Malappuram 676506 ( Malayalam 2 batches).

79. Markaz Teachers Training Institutes, Athavanad, Karthala. P.O, Malappuram 676310.

80. J.B Teacher Training Institute, M.M.K Building, East Bazar, Jabalul Furkhan, Tirur, Malappuram 676 101.

81. Jawahar Bharathi Educational & Charitable Trust, ( Malayalam & English) Nettikulam, Uppada P.O, Malappuram 679 333.

82. Jamina Nadwiya TTI, EdavannaP.O, Malappuram 676 541.

83. Farook Education Society, Changuvetty P.O, Parappur, Kottakkal, Malappuram - 676 503.

84. Darul Uloom Teachers Training Institute, Thootha P.O, Malappuram - 679 357.

85. Jamiya Salafiya Teacher Training College, Pulikkal P.O, Malappuram 676 541.

86. K.P.P.M Teacher Training Institute, Anakkayam P.O, Malappuram,Pin- 676509.

87. Majilsu THA - Aleemil Islamiya TTI, Majlis Nagar, Vengad. P.O, Malappuram - 679 338.

88. TTKM Teacher Training Insitute, Thekkekulamba, Parappur P.O, Malappuram - 676503 ( Malayalam 2 Batches).

89. Hayathul Islam Orphanage TTI, Olavattur, Malappuram (Malayalam 2 Batches).

90. Beeran Haji Memorial TTI, Kannamangalam, Malappuram 676 304.

91. Sidheeqyiya Teacher Training Institute, Anakkayam, Malapuram 676 509.

92. Devaki Amma Memorial TTI, Chelambra, Malappuram 673 634.

93. Moulana college of Teacher Education, TTI Koottayi, Malappuram.

94. Sulla Musalam TTI, Areacode, Malappuram.

95. Bafakhy yatheem Khanna TTI, Kalpakanchery, Malappuram.

96. Muhamma IT (TTI), Kuttai, Malappuram.

## KOZHIKODE

97. Calicut Orphanage Teacher Training Institute, Calicut Islamic Cultural Sciety, Sneha Nagar, Kolathara P.O., Calicut. (Malayalam & English).

98. Muslim Orphanages TTI, Cheruvatta, Parambil P.O, Kozhikode.

99. Koduvally Muslim Orphanage TTI, Koduvally .P.O, Kozhikode 673572.

100. KMCT Teacher Training Institute, Chathamangalam P.O, Kozhikode.

101. Darul Huda Teacher Training Institute, Vanimal P.O, Kallachi, Kozhikode.

102. Seethi Sahib Charitable Trust ( Malayalm & English) Kodiyathoor, Kozhikode.

103. Meppayur Salafi Teacher Institute, Meppayur. P.O, Kozhikode.

104. D.H.M. T.T.I Palayad Nada P.O., Kozhikode.

105. A.W.H.T.T.I, Kallai, Kozhikode.

106. Farook Institute of Teacher Edcuation, Farook College P.O, Kozhikode.

**WAYANAD**

107. Valummel TTI, Meenakshy Charitable Trust, Sulthanbathery P.O, Moolankav, Wayanad ( Malaylam 2 Batches).

108. St. George Teacher Training Institute, Pulpally, Sulthanbathery, Wayanad ( Malayalam 2 Batches).

109. C.K. Raghavan Memorial TTI, Pulppally, Wayanad.

110. Mar Baselious College of Teachers Education TTI, Sulthen bathery, Wayanand.

**KANNUR**

111. Malabar Teacher Training Institute, Chakarakkal, Mowancherry P.O, Kannur ( Malayalam 2 batches).

112. Cresent Teacher Training Institute, Maddayipara, Payangadi P.O, Kannur ( Malayalam 2 Batches).

113. Peringathur Teacher Training Institute, Dars Yatheemkhana, Peringathur P.O, Kannur.

114. Unity Teacher Training Instiute, C.H. Memorial Educational and Charitable Trust, Kanhirode ( Via), Koodali, Kannur ( Malayalam & English).

115. Mayyil Teacher Training Institute, Hira Charitable Trust, Mayyil, Kannur.

116. Kadambur Teacher Training Institute, Kadambur P.O, Medakkad, Kannur - 670 663 ( Malayalam 2 Batches).

117. Malanadu Educational and Charitable Trust, Taliparampa, Kannur.

**KASARAGOD**

118. Thanbeehul Islam TTC, T.I.H.S.S. Campus, Naimaramoola, Vidhyanagar P.O, Kasaragod.

**Affiliated T.T.I**

119. Sree Narayana TTI, Mahee, Pondicherry.

| അനുബന്ധം - III | |
|---|---|
| 1 | വിദ്യാഭ്യാസ ഉപഡയറക്ടർ, വിദ്യാഭ്യാസ ഉപഡയറക്ടറാഫീസ്, കൊച്ചാർ റോഡ്, കിള്ളിപ്പാലം, തിരുവനന്തപുരം - 695 036. ഫോൺ. 0471-2472302. |
| 2 | വിദ്യാഭ്യാസ ഉപഡയറക്ടർ, വിദ്യാഭ്യാസ ഉപഡയറക്ടറാഫീസ്, തേവള്ളി പി.ഒ., കൊല്ലം - 691 009. ഫോൺ. 0474-2792957. |
| 3 | വിദ്യാഭ്യാസ ഉപഡയറക്ടർ, വിദ്യാഭ്യാസ ഉപഡയറക്ടറാഫീസ്, തിരുവല്ല, പത്തനംതിട്ട - 689 101. ഫോൺ. 04692-600181. |
| 4 | വിദ്യാഭ്യാസ ഉപഡയറക്ടർ, വിദ്യാഭ്യാസ ഉപഡയറക്ടറാഫീസ്, സിവിൽ സ്റ്റേഷന് സമീപം, ഹെഡ് പോസ്റ്റ് ആഫീസ് (പി.ഒ.), ആലപ്പുഴ - 688 001. ഫോൺ. 0477-2252908. |
| 5 | വിദ്യാഭ്യാസ ഉപഡയറക്ടർ, വിദ്യാഭ്യാസ ഉപഡയറക്ടറാഫീസ്, വൈസ്ക്കരക്കുന്ന് (പി.ഒ.), കോട്ടയം - 686 001. ഫോൺ. 0481-2583095. |
| 6 | വിദ്യാഭ്യാസ ഉപഡയറക്ടർ, വിദ്യാഭ്യാസ ഉപഡയറക്ടറാഫീസ്, തൊടുപുഴ, ഇടുക്കി - 685 584. ഫോൺ. 04862-222996. |
| 7 | വിദ്യാഭ്യാസ ഉപഡയറക്ടർ, വിദ്യാഭ്യാസ ഉപഡയറക്ടറാഫീസ്, സിവിൽ സ്റ്റേഷൻ, കാക്കനാട്, എറണാകുളം - 30. ഫോൺ. 0484-2422210 |
| 8 | വിദ്യാഭ്യാസ ഉപഡയറക്ടർ, വിദ്യാഭ്യാസ ഉപഡയറക്ടറാഫീസ്, സിവിൽ സ്റ്റേഷൻ, അയ്യന്തോൾ, തൃശ്ശൂർ - 680 003. ഫോൺ. 0487-2360810 |
| 9 | വിദ്യാഭ്യാസ ഉപഡയറക്ടർ, വിദ്യാഭ്യാസ ഉപഡയറക്ടറാഫീസ്, സിവിൽ സ്റ്റേഷൻ, പാലക്കാട് - 678 001. ഫോൺ. 0491-2505469. |
| 10 | വിദ്യാഭ്യാസ ഉപഡയറക്ടർ, വിദ്യാഭ്യാസ ഉപഡയറക്ടറാഫീസ്, സിവിൽ സ്റ്റേഷൻ, മലപ്പുറം - 676 505. ഫോൺ. 0483-2734888. |
| 11 | വിദ്യാഭ്യാസ ഉപഡയറക്ടർ, വിദ്യാഭ്യാസ ഉപഡയറക്ടറാഫീസ്, മാനാഞ്ചിറ, കോഴിക്കോട് - 673 001. ഫോൺ. 0495-2722297. |
| 12 | വിദ്യാഭ്യാസ ഉപഡയറക്ടർ, വിദ്യാഭ്യാസ ഉപഡയറക്ടറാഫീസ്, സിവിൽ സ്റ്റേഷൻ, കൽപ്പറ്റ നോർത്ത് (പി.ഒ.), വയനാട് - 673 122. ഫോൺ. 04936-202593. |
| 13 | വിദ്യാഭ്യാസ ഉപഡയറക്ടർ, വിദ്യാഭ്യാസ ഉപഡയറക്ടറാഫീസ്, കണ്ണൂർ (പി.ഒ.), കണ്ണൂർ - 670 002. ഫോൺ. 0497-2705149. |
| 14 | വിദ്യാഭ്യാസ ഉപഡയറക്ടർ, വിദ്യാഭ്യാസ ഉപഡയറക്ടറാഫീസ്, സിവിൽ സ്റ്റേഷൻ, വിദ്യാനഗർ (പി.ഒ.), കാസർഗോഡ് - 671 123. ഫോൺ. 04994-255033. |